**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3588 11/12/2018-ൽ മറുപടിക്ക്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി.കെ.ശശി** | | **എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാം ആണെന്ന് വിശദമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.<br>1) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ<br>2) സമൂഹത്തിൽ അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ<br>3) ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ<br>4) ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവൃത്തികൾ |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷത്തിലും എത്ര തൊഴിൽ ദിനങ്ങൾ നൽകി എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ഗ്രാമപഞ്ചായത്തിന്റെ പേര് | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 (04.12.2018 വരെ) |
| അനങ്ങാടി | 55668 | 46948 | 31180 |
| ചളവറ | 39890 | 31060 | 30040 |
| നല്ലായ | 60463 | 27066 | 25542 |
| തൃക്കടീരി | 46327 | 36662 | 30022 |

| | | | |
|---|---|---|---|
| വാണിയംകുളം | 83069 | 67629 | 55439 |
| വെള്ളിനേഴി | 56908 | 37586 | 36328 |
| ആകെ | 342325 | 246951 | 208551 |

| | | | |
|---|---|---|---|
| (സി) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രതിഫല കുടിശ്ശിക നിലവിലുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | ഉണ്ട്. 05.12.2018 വരെ അവിദഗ്ധ തൊഴിലാളികളുടെ വേതനയിനത്തിൽ 635.37 കോടി രൂപ കുടിശ്ശികയുണ്ട്. 05.12.2018-ൽ കേന്ദ്ര സർക്കാർ അനുവദിച്ച 366.06 കോടി രൂപ തൊഴിലാളികളുടെ അക്കൗണ്ടുകളിൽ എത്തുന്നതോടെ കുടിശ്ശിക 269.31 കോടി രൂപയായി കുറയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**